പ്പിക്കുമ്പോഴും കേരളത്തിൽ മാത്രം പ്രീ യൂണിവേഴ്സിറ്റി ക്ലാസ്സിൽ ദ്വിവർഷ കോഴ്സ് ആക്കാൻ എടുത്ത തീരുമാനത്തിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണങ്ങളും ഏവ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) കാരണങ്ങളുണ്ട്.

(ബി) വിവരം ഉൾക്കൊള്ളുന്ന ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

UNSTARRED QUESTIONS AND ANSWERS

കൊച്ചിൻ പവ്വർ ആൻഡ് ഇലക്ട്രിക്കു കോർപ്പറേഷന്റെ ദേശവൽക്കരണം

107. [9] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ പവ്വർ ആൻഡ് ഇലക്ട്രിക്കു കാർപ്പറേഷൻ ദേശവൽക്കരിക്കാൻ എടുത്ത നടപടി ഏതു നിലയിലിരിക്കുന്നു ;

(ബി) ഇതു സംബന്ധിച്ചുള്ള കോടതി നടപടികളിൽ ഗവണ്മെന്റ് എന്തെല്ലാം ചെയ്തിട്ടുണ്ട്.

(സി) കോടതി നടപടികളും അവസാനിക്കുന്നതുവരെ ഈ ഏരിയായിൽ വിദ്യുച്ഛക്തി വിതരണം ഉപഭോക്താക്കളുടെ ആവശ്യാനുസരണം നടത്താൻ എന്തു നടപടികളാണു എടുത്തിട്ടുള്ളതു് ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ഗവണ്മെന്റ് എടുത്തിട്ടുള്ള നടപടിയെ ചോദ്യം ചെയ്തുകൊണ്ട് മെസ്സേഴ്സ് കൊച്ചിൻ സ്റ്റേറ്റ് പവ്വർ ആൻഡ് ലൈറ്റ് കോർപ്പറേഷൻ സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചിരിക്കുകയാണ്. അതു് തീരുമാനമായിട്ടില്ല.

(ബി) ഗവണ്മെന്റുഭാഗം കേസ്സു് വാദിക്കുന്നതിനു് ഒരു അഭിഭാഷകനെ നിയമിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറൽ അദ്ദേഹത്തിനു് വേണ്ട നിയമോപദേശം നൽകുന്നതാണ്.

(സി) ഇക്കാര്യത്തിൽ ഗവണ്മെന്റു പ്രത്യേക നടപടികളും ഒന്നും എടുക്കേണ്ടതായിട്ടില്ല. ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകളനുസരിച്ചു് ഈ ഏരിയായിൽ ഇലക്ട്രിസിറ്റി വിതരണം നടത്തേണ്ടതു് ലൈസൻസിയുടെ കടമയാണ്. അതിലെ വ്യവസ്ഥകളും ലംഘിക്കുന്നവരുടെ പേരിൽ വേണ്ട നടപടികളും നടത്തുന്നതിനു് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കു് അധികാരമുണ്ട്.

പഞ്ചായത്തിനു് വീട്ടുകൊടുത്ത സ്ഥലം.

108. [11] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ ;

(എ) എറണാകുളം ജില്ലാ, തൊടുപുഴ താലൂക്കു്, മഞ്ഞള്ളൂർ വില്ലേജ് കാഞ്ഞിരമറിയിൽ സർവ്വെ-632/1-ാം നമ്പരിൽപ്പെട്ട 96 സെന്റ്സ്ഥലം കൈവശക്കാരനായിരുന്ന അയ്യപ്പൻ അയ്യപ്പനിൽ നിന്നും പഞ്ചായത്തിലേയ്ക്കു് വീട്ടുകൊടുത്തുകൊണ്ടു് നടപടി എടുത്തിട്ടുണ്ടോ;

* Appendix VII

LIBRARY ARCHIVES Kerala Legislative Assembly